➢ **പേൻ ശല്യവും പട്ടുണ്ണി ശല്യവും -** സാധാരണയായി കാണപ്പെടുന്നതും മിക്കവാറും ഒരു കൂട്ടിലെ ഒരാടിന് വന്നാൽ തന്നെ മറ്റുള്ളവയിലേക്ക് വേഗം പകരുന്നതുമാണ്. ഇവ ആടുകളുടെ രക്തം കുടിച്ച് അടുകൾക്ക് ക്ഷീണവും, തൂക്കക്കുറവും വരുത്തുന്നു. കൂട് വൃത്തിയുള്ളതായാൽ തന്നെ ഇത് 90% വരെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. കൂടാതെ ദേഹത്ത് പൂശാനുള്ള പൗഡർ രൂപത്തിലോ, ദ്രവരൂപത്തിലോ ആയ മരുന്നുകൾ ലഭ്യമാണ്. ഇവ ആടുകൾ ഒരിക്കലും നക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.






**തയ്യാറാക്കിയത്**

***ഡോ. ബിമൽ. പി. ബഷീർ, ഡോ. തിരുപ്പതി വെങ്കിടാചലപതി,***
***ഡോ.*** ജമുന വത്സലൻ, ***ഡോ.*** ഉപാസന രത്നാകരൻ
***ഡോ.*** സുനിത തോമസ്



പ്രസിദ്ധീകരണം

അസോസിയേറ്റ് പ്രൊഫസർ & ഹെഡ്
**യൂണിവേഴ്സിറ്റി ഗോട്ട് & ഷീപ്പ് ഫാം മണ്ണുത്തി 680 651**
Email: goatandsheepf@kvasu.ac.in


# കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

# രോഗങ്ങളെ തടയുവാൻ



എ. ഐ. സി. ആർ. പി. ഓൺ ഗോട്ട് ഇംപ്രൂവ്മെന്റ്
(മലബാറി)


***സെന്റർ ഫോർ ആൻഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ആനിമൽ ജനട്ടിക്സ് ആൻഡ് ബ്രീഡിങ്ങ്,***
**കോളേജ് ഓഫ്** വെററിനറി **ആൻഡ്**
**അനിമൽ സയൻസസ് മണ്ണുത്തി, ത്രിശ്ശൂർ,**
**കേരളം 680 651**

## രോഗങ്ങളെ തടയുവാൻ

i. **വിരശല്യം**

ii. **കോക്സീടിയ**


iii. **പേൻ / പട്ടുണ്ണി**

- **വിരശല്യം** – ശക്തമായ വയറിളക്കവും, വയറുവേദനയും കാരണം ആട്ടിൻ കുട്ടികൾ മരിക്കും. ആട്ടിൻ കുട്ടികളെ വർഷത്തിൽ രണ്ടുപ്രാവശ്യമെങ്കിലും വിരയിളക്കണം. ഗർഭിണിയാടുകളെ 4–ാം മാസത്തിലോ 5–ാം മാസത്തിലോ വിരയിളക്കണം. ഗർഭിണിയാടുകളെ തുടക്കത്തിലേ വിരയിളക്കിയാൽ ഗർഭം അലസുവാനുള്ള സാധ്യതകളേറെയാണ്. നാടവിരയുടെ ശല്യം ഉണ്ടോയെന്നറിയുവാൻ കാഷ്ഠം പരിശോധിക്കേണ്ടതുണ്ട്.




- **കോക്സീടിയ** - 2–6 മാസം വരെ പ്രായമുള്ള ആട്ടിൻ കുട്ടികളെ ബാധിക്കുന്ന ഒരു രോഗമാണിത്. ചോരയോടുകൂടിയതോ അല്ലാതെയോ ആയ ദുർഗന്ധമുള്ള വയറിളക്കം, വയറുവേദന, തൂക്കം കുറയൽ, ക്ഷീണം, രക്തമില്ലായ്മ, എന്നിവയാണ് പ്രധാനമായ രോഗലക്ഷണങ്ങൾ. രോഗാണുവിൻെറ മുട്ട കാഷ്ഠപരിശോധനയിൽ വ്യക്തമാകും.





ആട്ടിൻകുഞ്ഞുങ്ങളെ തിക്കിപാർപ്പിക്കുക, വൃത്തിഹീനമായ കൂട് എന്നിവയാണ് രോഗകാരണങ്ങൾ. അസുഖം വന്നവയെ എത്രയും വേഗം മാറ്റിപാർപ്പിക്കുക, കഴിയുന്നതും പാൽകുടി നിർത്തിയ ആട്ടിൻ കുട്ടികളെ വലിയ ആടുകളിൽ നിന്നും മാറ്റിപാർപ്പിക്കുക. ഈ രോഗത്തിന് പ്രതിരോധമരുന്നുകൾ ലഭ്യമാണ്. അവ ഒരു വെറ്ററിനറി ഡോക്ടറുടെ നിർദേശപ്രകാരം നൽകുക.

